**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3411** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക സംസ്കൃതി പുതുതലമുറയിലേക്ക് പകർന്നു കൊടുക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സംസ്കൃതി പുതുതലമുറയിലേക്ക് പകർന്നു കൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കാർഷിക സംസ്‌കൃതി പുതു തലമുറയിലേക്ക് പകർന്ന് കൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല പരിപാടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഈ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. c) വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ. കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകി വരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2022-23 വർഷത്തേക്കുള്ള പദ്ധതി രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. ആയതിൽ പുതു തലമുറയിൽ കാർഷിക സംസ്കൃതി പകർന്ന് കൊടുക്കുന്നതിനും പുതു തലമുറയിൽ കൃഷിയുടെ അറിവുകളും കൃഷി രീതികളും പഠിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | അവാർഡിന്റെ പേര് | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | കർഷക തിലകം (സ്കൂൾ വിദ്യാർത്ഥിനി) | 10000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) | 10000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് |
| 3 | മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | 25000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് |
| 4 | മികച്ച കോളേജ് കർഷ പ്രതിഭ | 25000 രൂപ, സ്വർണ്ണ മെഡൽ, ഫലകം, സർട്ടിഫിക്കറ്റ് |
| പച്ചക്കറി പദ്ധതി അവാർഡുകൾ | | |
| 5 | മികച്ച വിദ്യാർത്ഥി<br>ഒന്നാം സമ്മാനം<br>രണ്ടാം സമ്മാനം<br>മൂന്നാം സമ്മാനം | <br>15000 രൂപ<br>7500 രൂപ<br>5000 രൂപ |
| 6 | മികച്ച വിദ്യാഭ്യാസ സ്ഥാപനം<br>ഒന്നാം സമ്മാനം<br>രണ്ടാം സമ്മാനം<br>മൂന്നാം സമ്മാനം | <br>15000 രൂപ<br>7500 രൂപ<br>5000 രൂപ |
| 7 | മികച്ച അദ്ധ്യാപകൻ<br>ഒന്നാം സമ്മാനം<br>രണ്ടാം സമ്മാനം<br>മൂന്നാം സമ്മാനം | <br>15000 രൂപ<br>7500 രൂപ<br>5000 രൂപ |